**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 91** | **10-06-2024 - ൽ മറുപടിയ്ക്ക്**

**ഗുണ്ടാ - ലഹരിമാഫിയാ സംഘങ്ങളെ അമർച്ച ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ഡോ. എം. കെ. മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലും ഗ്രാമീണ മേഖലകളിലും ഗുണ്ടാ - ലഹരി മാഫിയാസംഘങ്ങളുടെ അക്രമപ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ കഴിയാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഗുണ്ടാ ലഹരി മാഫിയാ സംഘങ്ങളുടെ അക്രമ പ്രവർത്തനങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് കർശന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അമർച്ച ചെയ്യുന്നതിനും പൊതുസമാധാനം ഉറപ്പുവരുത്തുന്നതിനുമുള്ള കർശന നടപടികളുടെ ഭാഗമായി 'ഓപ്പറേഷൻ ആഗ്' സ്പെഷ്യൽ ഡ്രൈവ് നടത്തുകയുണ്ടായി. മയക്കുമരുന്ന് വിപണനം തടയുന്നതിനായി 'ഓപ്പറേഷൻ ഡി ഹണ്ട്' സ്പെഷ്യൽ ഡ്രൈവും നടത്തിയിട്ടുണ്ട്.<br><br>ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കാപ്പാ നിയമം ചുമത്തുന്നത് ഉൾപ്പെടെ ആവശ്യമായ കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിക്കുന്നതിനായി 'ഓപ്പറേഷൻ കാവൽ' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത്തരം സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. District Anti-Narcotic Special Action Force (DANSAF) ടീമിന്റെ നേതൃത്വത്തിൽ രഹസ്യ നിരീക്ഷണങ്ങളും പരിശോധനയും നടത്തി ലഹരി മരുന്ന് വിൽപ്പന നടത്തുന്നവരെയും ലഹരി മരുന്ന് ഉപയോഗിക്കുന്നവരെയും പിടികൂടി കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം എക്സൈസ് വകുപ്പും ശക്തമായ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നത്. |

| | | | |
|---|---|---|---|
| | | | ഇതിനുപുറമെ ഓരോ പോലീസ് സ്റ്റേഷനുകളിലും Anti-Organised Crimes Cell (AOCC) ആരംഭിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു പ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന Anti-Organised Crimes Cell, ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സദാ ജാഗ്രത പുലർത്തുന്നതിനും കൃത്യമായ പട്രോളിംഗ് നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എസ്. എച്ച്. ഒ മാർക്ക് പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഗുണ്ടാ ലഹരി മാഫിയ സംഘങ്ങളുടെ പ്രവർത്തനം മനസ്സിലാക്കുന്നതിൽ പോലീസ് ഇന്റലിജൻസ് വിഭാഗത്തിനു വീഴ്ച സംഭവിച്ചിട്ടില്ല.<br><br>സംസ്ഥാനത്ത് സമാധാനാന്തരീക്ഷവും സാമുദായികസാഹോദര്യവും തകർക്കുക എന്ന ഉദ്ദേശത്തോടെ വർഗീയ വിദ്വേഷം പ്രചരിപ്പിക്കുന്നതായോ, ഭൂമാഫിയകൾ, ബ്ലേഡ് മാഫിയകൾ, ഗുണ്ടാ സംഘങ്ങൾ, മദ്യമയക്കുമരുന്ന് വിപണന സംഘങ്ങൾ, പെൺവാണിഭ സംഘങ്ങൾ മുതലായ സാമൂഹ്യവിരുദ്ധ ശക്തികൾ പ്രവർത്തിക്കുന്നതായോ ശ്രദ്ധയിൽപ്പെടുന്നതനുസരിച്ച് ക്രമസമാധാനം നിലനിർത്തുവാൻ വേണ്ടി കേരള പോലീസ് സേനയിലെ ഇന്റലിജൻസ്, ക്രൈംബ്രാഞ്ച്, തീവ്രവാദ വിരുദ്ധ സേന, തീരസംരക്ഷണ സേന, സൈബർ എന്നീ വിഭാഗങ്ങൾ സംസ്ഥാനത്ത് നടക്കുന്ന ഓരോ കാര്യങ്ങളെക്കുറിച്ച് സസൂക്ഷ്മം വീക്ഷിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിക്ക് സമർപ്പിക്കുകയോ അതുമല്ലെങ്കിൽ ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തു വരുന്നുണ്ട്. |
| (ബി) | ഗുണ്ടാ - ലഹരിമാഫിയാസംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിച്ച് മനസ്സിലാക്കുന്നതിൽ പോലീസ് ഇന്റലി ജൻസ് വിഭാഗത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; | (ബി) | ഗുണ്ടാ ലഹരി മാഫിയാ സംഘങ്ങളുടെ അക്രമ പ്രവർത്തനങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് കർശന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അമർച്ച ചെയ്യുന്നതിനും പൊതുസമാധാനം ഉറപ്പുവരുത്തുന്നതിനുമുള്ള കർശന നടപടികളുടെ ഭാഗമായി 'ഓപ്പറേഷൻ ആഗ്' സ്പെഷ്യൽ ഡ്രൈവ് നടത്തുകയുണ്ടായി. മയക്കുമരുന്ന് വിപണനം |

തടയുന്നതിനായി 'ഓപ്പറേഷൻ ഡി ഹണ്ട്' സ്പെഷ്യൽ ഡ്രൈവും നടത്തിയിട്ടുണ്ട്.

ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കാപ്പാ നിയമം ചുമത്തുന്നത് ഉൾപ്പെടെ ആവശ്യമായ കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിക്കുന്നതിനായി 'ഓപ്പറേഷൻ കാവൽ' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത്തരം സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. District Anti-Narcotic Special Action Force (DANSAF) ടീമിന്റെ നേതൃത്വത്തിൽ രഹസ്യ നിരീക്ഷണങ്ങളും പരിശോധനയും നടത്തി ലഹരി മരുന്ന് വിൽപ്പന നടത്തുന്നവരെയും ലഹരി മരുന്ന് ഉപയോഗിക്കുന്നവരെയും പിടികൂടി കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം എക്സൈസ് വകുപ്പും ശക്തമായ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നത്.

ഇതിനുപുറമെ ഓരോ പോലീസ് സ്റ്റേഷനുകളിലും Anti-Organised Crimes Cell (AOCC) ആരംഭിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു പ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന Anti-Organised Crimes Cell, ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സദാ ജാഗ്രത പുലർത്തുന്നതിനും കൃത്യമായ പട്രോളിംഗ് നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എസ്. എച്ച്. ഒ മാർക്ക് പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗുണ്ടാ ലഹരി മാഫിയ സംഘങ്ങളുടെ പ്രവർത്തനം മനസ്സിലാക്കുന്നതിൽ പോലീസ് ഇന്റലിജൻസ് വിഭാഗത്തിനു വീഴ്ച സംഭവിച്ചിട്ടില്ല.

സംസ്ഥാനത്ത് സമാധാനാന്തരീക്ഷവും സാമുദായികസാഹോദര്യവും തകർക്കുക എന്ന ഉദ്ദേശത്തോടെ വർഗീയ വിദ്വേഷം പ്രചരിപ്പിക്കുന്നതായോ, ഭൂമാഫിയകൾ, ബ്ലേഡ് മാഫിയകൾ, ഗുണ്ടാ സംഘങ്ങൾ, മദ്യമയക്കുമരുന്ന് വിപണന സംഘങ്ങൾ, പെൺവാണിഭ സംഘങ്ങൾ മുതലായ സാമൂഹ്യവിരുദ്ധ ശക്തികൾ

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നതായോ ശ്രദ്ധയിൽപ്പെടുന്നതനുസരിച്ച് ക്രമസമാധാനം നിലനിർത്തുവാൻ വേണ്ടി കേരള പോലീസ് സേനയിലെ ഇന്റലിജൻസ്, ക്രൈംബ്രാഞ്ച്, തീവ്രവാദ വിരുദ്ധ സേന, തീരസംരക്ഷണ സേന, സൈബർ എന്നീ വിഭാഗങ്ങൾ സംസ്ഥാനത്ത് നടക്കുന്ന ഓരോ കാര്യങ്ങളെക്കുറിച്ച് സസൂക്ഷ്മം വീക്ഷിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിക്ക് സമർപ്പിക്കുകയോ അതുമല്ലെങ്കിൽ ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തു വരുന്നുണ്ട്. |
| (സി) | ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഗുണ്ടാ ലഹരി മാഫിയാ സംഘങ്ങളുടെ അക്രമ പ്രവർത്തനങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് കർശന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അമർച്ച ചെയ്യുന്നതിനും പൊതുസമാധാനം ഉറപ്പുവരുത്തുന്നതിനുമുള്ള കർശന നടപടികളുടെ ഭാഗമായി 'ഓപ്പറേഷൻ ആഗ്' സ്പെഷ്യൽ ഡ്രൈവ് നടത്തുകയുണ്ടായി. മയക്കുമരുന്ന് വിപണനം തടയുന്നതിനായി 'ഓപ്പറേഷൻ ഡി ഹണ്ട്' സ്പെഷ്യൽ ഡ്രൈവും നടത്തിയിട്ടുണ്ട്.<br><br>ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കാപ്പാ നിയമം ചുമത്തുന്നത് ഉൾപ്പെടെ ആവശ്യമായ കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിക്കുന്നതിനായി 'ഓപ്പറേഷൻ കാവൽ' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത്തരം സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. District Anti-Narcotic Special Action Force (DANSAF) ടീമിന്റെ നേതൃത്വത്തിൽ രഹസ്യ നിരീക്ഷണങ്ങളും പരിശോധനയും നടത്തി ലഹരി മരുന്ന് വിൽപ്പന നടത്തുന്നവരെയും ലഹരി മരുന്ന് ഉപയോഗിക്കുന്നവരെയും പിടികൂടി കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം എക്സൈസ് വകുപ്പും ശക്തമായ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നത്.<br><br>ഇതിനുപുറമെ ഓരോ പോലീസ് സ്റ്റേഷനുകളിലും Anti-Organised Crimes Cell (AOCC) |

| | | | |
|---|---|---|---|
| | | | ആരംഭിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു പ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന Anti-Organised Crimes Cell, ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സദാ ജാഗ്രത പുലർത്തുന്നതിനും കൃത്യമായ പട്രോളിംഗ് നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എസ്. എച്ച്. ഒ മാർക്ക് പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഗുണ്ടാ ലഹരി മാഫിയ സംഘങ്ങളുടെ പ്രവർത്തനം മനസ്സിലാക്കുന്നതിൽ പോലീസ് ഇന്റലിജൻസ് വിഭാഗത്തിനു വീഴ്ച സംഭവിച്ചിട്ടില്ല.<br><br>സംസ്ഥാനത്ത് സമാധാനാന്തരീക്ഷവും സാമുദായികസാഹോദര്യവും തകർക്കുക എന്ന ഉദ്ദേശത്തോടെ വർഗീയ വിദ്വേഷം പ്രചരിപ്പിക്കുന്നതായോ, ഭൂമാഫിയകൾ, ബ്ലേഡ് മാഫിയകൾ, ഗുണ്ടാ സംഘങ്ങൾ, മദ്യമയക്കുമരുന്ന് വിപണന സംഘങ്ങൾ, പെൺവാണിഭ സംഘങ്ങൾ മുതലായ സാമൂഹ്യവിരുദ്ധ ശക്തികൾ പ്രവർത്തിക്കുന്നതായോ ശ്രദ്ധയിൽപ്പെടുന്നതനുസരിച്ച് ക്രമസമാധാനം നിലനിർത്തുവാൻ വേണ്ടി കേരള പോലീസ് സേനയിലെ ഇന്റലിജൻസ്, ക്രൈംബ്രാഞ്ച്, തീവ്രവാദ വിരുദ്ധ സേന, തീരസംരക്ഷണ സേന, സൈബർ എന്നീ വിഭാഗങ്ങൾ സംസ്ഥാനത്ത് നടക്കുന്ന ഓരോ കാര്യങ്ങളെക്കുറിച്ച് സസൂക്ഷ്മം വീക്ഷിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിക്ക് സമർപ്പിക്കുകയോ അതുമല്ലെങ്കിൽ ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ